# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09.08.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. 'ഹർ ഘർ തിരംഗ' പ്രചാരണപരിപാടി രാജ്യവ്യാപകമായ ജനകീയ പ്രസ്ഥാനമായി മാറിയെന്ന് ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ.

   **Vice President C.P. Radhakrishnan says the 'Har Ghar Tiranga' campaign has become a nationwide popular movement.**

2. ക്വിറ്റ് ഇന്ത്യാ സമരത്തിലെ ധീരദേശാഭിമാനികൾക്ക് ആദരാഞ്ജലി അർപ്പിച്ച് ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണനും പ്രധാനമന്ത്രി നരേന്ദ്ര മോദിയും അടക്കമുള്ള പ്രമുഖർ.

   **Vice President C.P. Radhakrishnan and Prime Minister Narendra Modi, among others, paid tribute to the brave patriots of the Quit India movement.**

3. സാങ്കേതികവിദ്യയെ ആശ്രയിക്കുന്നതും സമയബന്ധിതവുമായ സംവിധാനത്തിലൂടെ പൗരന്മാർക്ക് നീതി ഉറപ്പാക്കുകയാണ് പുതിയ ക്രിമിനൽ നിയമങ്ങളുടെ ലക്ഷ്യമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   **Union Home Minister Amit Shah says the aim of the new criminal laws is to ensure justice to citizens through a technology-based and time-bound system.**

4. വിവിധ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളത്തിൽ ഇന്ന് നാല് ജില്ലകളിൽ മഞ്ഞ ജാഗ്രത.

   **The Central Meteorological Department has said that heavy rains are likely in various North Indian states. Yellow alert in four districts of Kerala today.**

5. ലൈഫ് മിഷനിൽ നിന്നു മാറ്റി പട്ടികജാതി, വർഗവിഭാഗത്തിന് പ്രത്യേക ഭവന പദ്ധതി ആരംഭിക്കുമെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ.

**Chief Minister V.D. Satheesan says that a special housing scheme will be started for the Scheduled Castes and Scheduled Tribes, replacing the LIFE Mission.**

6. കൊറിയ മാസ്റ്റേഴ്സ് സൂപ്പർ 300 ബാഡ്മിന്റൺ വനിതാ സിംഗിൾസ് കിരീടം ഇന്ത്യയുടെ അഷ്മിത ചാലിഹയ്ക്ക്.

**India's Ashmita Chaliha wins the Korea Masters Super 300 badminton women's singles title.**

&&&&&&&&&&&&&&&&&&&&&&&

## HAR GHAR TIRANGA

രാജ്യത്ത് സ്വാതന്ത്ര്യദിനത്തിന് മുന്നോടിയായി ഹർ ഘർ തിരംഗ പ്രചാരണത്തിന് തുടക്കമായി. ദേശീയ പതാക ഉയർത്താനും ദേശസ്നേഹം, ദേശീയ ഐക്യം, ഇന്ത്യയുടെ സാംസ്കാരിക പൈതൃകം എന്നിവ ആഘോഷിക്കാനും പൗരന്മാരെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ ഉദ്യമത്തിന്റെ ലക്ഷ്യം. ക്യാമ്പയിന്റെ ഭാഗമായി ലോകമെമ്പാടുമുള്ള 200-ലധികം ഇന്ത്യൻ എംബസികൾ, ഹൈക്കമ്മീഷനുകൾ, കോൺസുലേറ്റുകൾ എന്നിവ നിരവധി പരിപാടികൾ സംഘടിപ്പിക്കും. ഈ മാസം 17 വരെ ഹർ ഘർ തിരംഗ പ്രചാരണം നീണ്ടുനിൽക്കും.

&&&&&&&&&&&&&&&&&&&&&&&

## VP ANDAMAN – (INTRO)

ഹർ ഘർ തിരംഗ' പ്രചാരണപരിപാടി രാജ്യവ്യാപകമായ ജനകീയ പ്രസ്ഥാനമായി മാറിയെന്ന് ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ. 'ഹർ ഘർ തിരംഗ' യജ്ഞത്തിന്റെ ഭാഗമായി ആൻഡമാൻ നിക്കോബാറിലെ ശ്രീവിജയപുരത്തെ ഫ്ലാഗ് പോയിന്റിൽ ദേശീയപതാക ഉയർത്തിയ ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തെ ഓരോ വീടുകളിലും ദേശീയപതാക ഉയർത്തുന്നത് പൗരന്മാരിൽ രാജ്യസ്നേഹവും ഐക്യവും കൂട്ടായ ഉത്തരവാദിത്തവും വളർത്തുമെന്ന് ഉപരാഷ്ട്രപതി

പറഞ്ഞു. ഇന്ത്യയുടെ സ്വാതന്ത്ര്യസമര ചരിത്രത്തിൽ ആൻഡമാൻ നിക്കോബാർ ദ്വീപുകൾക്ക് സമാനതകളില്ലാത്ത സ്ഥാനമാണുള്ളതെന്നും ശ്രീ സി പി രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടു.
(ഹോൾഡ്)

&&&&&&&&&&&&&&&&&&&&&&&

## PM-QUIT INDIA MOVEMENT

ക്വിറ്റ് ഇന്ത്യാ സമരത്തിൽ പങ്കെടുത്ത സ്വാതന്ത്ര്യസമര സേനാനികൾക്ക് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണനും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ആദരാഞ്ജലി അർപ്പിച്ചു. 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക' എന്ന മഹാത്മാഗാന്ധിയുടെ ആഹ്വാനത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടത്തിൽ അവർ രാജ്യത്തെ ഒന്നിപ്പിച്ചുവെന്ന് ഉപരാഷ്ട്രപതി സമൂഹമാധ്യമത്തിൽ കുറിച്ചു. ക്വിറ്റ് ഇന്ത്യാ സമരത്തിൽ പങ്കെടുത്തവരുടെ ധീരത ഓരോ ഇന്ത്യക്കാരനും എക്കാലവും പ്രചോദനമായി നിലനിൽക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&

## PM MODI - US VP VANCE

പ്രധാനമന്ത്രി നരേന്ദ്ര മോദി, അമേരിക്കൻ വൈസ് പ്രസിഡന്റ് ജെ.ഡി. വാൻസുമായി ടെലിഫോൺ സംഭാഷണം നടത്തി. ഇന്ത്യയും അമേരിക്കയും തമ്മിലുള്ള സമഗ്ര ആഗോള തന്ത്രപരമായ പങ്കാളിത്തം, വർധിപ്പിക്കാനുള്ള കാര്യങ്ങൾ ചർച്ച ചെയ്തതായി ശ്രീ മോദി സമൂഹമാധ്യമത്തിൽ പറഞ്ഞു. വ്യാപാരം, പ്രതിരോധം, സാങ്കേതികവിദ്യകൾ, ഊർജ്ജ സുരക്ഷ, നിർണായക ധാതുക്കൾ എന്നിവയിലെ സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള പ്രതിബദ്ധത ഇരുരാജ്യങ്ങളും വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&&&

## DAY AMIT SHAH PUDUCHERRY(INTRO)

കേന്ദ്ര സർക്കാർ കൊണ്ടുവന്ന മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങൾ സാങ്കേതികവിദ്യ, സമയബന്ധിതമായ പ്രവർത്തനം,

വിശ്വാസം എന്നീ മൂന്ന് പ്രധാന സ്തംഭങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. സാങ്കേതികവിദ്യയെ കൂടുതൽ ആശ്രയിക്കുന്നതും സമയബന്ധിതവുമായ ഒരു സംവിധാനത്തിലൂടെ പൗരന്മാർക്ക് നീതി ഉറപ്പാക്കുക എന്നതാണ് പുതിയ ക്രിമിനൽ നിയമങ്ങളുടെ ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി. പുതുച്ചേരി പോലീസിന് പ്രസിഡന്റ്സ് പോലീസ് കളർ' സമ്മാനിക്കുന്ന ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു ശ്രീ ഷാ.
(ഹോൾഡ് വോയിസ് )

&&&&&&&&&&&&&&&&&&&&&&&

## HIGH COURT JUDGES

മദ്രാസ്, കൊൽക്കത്ത, മധ്യപ്രദേശ്, കർണാടക ഹൈക്കോടതികളിലേക്ക് 30 ജഡ്ജിമാരെ നിയമിച്ചുകൊണ്ട് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. മദ്രാസ് ഹൈക്കോടതിയിലാണ് ഏറ്റവും കൂടുതൽ പേർ നിയമിതരായത്. നിയമ -നീതി മന്ത്രാലയം പുറപ്പെടുവിച്ച വിജ്ഞാപനപ്രകാരം, 20 അഭിഭാഷകരും 10 ജുഡീഷ്യൽ ഓഫീസർമാരും നിയമിക്കപ്പെട്ടവരിൽ ഉൾപ്പെടുന്നു. ഇന്ത്യയുടെ ചീഫ് ജസ്റ്റിസുമായും സുപ്രീം കോടതി കൊളീജിയവുമായും കൂടിയാലോചിച്ച് രാഷ്ട്രപതിയാണ് ഈ നിയമനങ്ങൾ നടത്തിയത്.

&&&&&&&&&&&&&&&&&&&&&&&

## DAY BADMINTON - KOREA MASTERS

കൊറിയ മാസ്റ്റേഴ്സ് സൂപ്പർ 300 ബാഡ്മിന്റൺ വനിതാ സിംഗിൾസ് കിരീടം ഇന്ത്യയുടെ അഷ്മിത ചാലിഹയ്ക്ക്. ഇന്ന് പുലർച്ചെ നടന്ന ഫൈനലിൽ ചൈനയുടെ ഹാൻ ക്വിയാനെ പരാജയപ്പെടുത്തിയാണ് അഷ്മിത കിരീടം സ്വന്തമാക്കിയത്. അഷ്മിതയുടെ ആദ്യ ബി.ഡബ്ല്യു.എഫ് കിരീടമാണിത്.

&&&&&&&&&&&&&&&&&&&&&&&

## GOLD MEDAL

ചൈനയിലെ ഹെഫെയ്യിൽ നടക്കുന്ന ഒമ്പതാമത് വേൾഡ് ബ്രിഡ്ജ് ഫെഡറേഷൻ യൂത്ത് ട്രാൻസ്നാഷണൽ ചാമ്പ്യൻഷിപ്പിൽ

ഇന്ത്യൻ താരങ്ങൾക്ക് സ്വർണം. അണ്ടർ-31 പെയേഴ്സ് വിഭാഗത്തിലാണ് ഇന്ത്യയുടെ സാഗ്നിക് റോയ്, സയന്തൻ കുഷാരി എന്നിവർ സ്വർണ മെഡൽ നേടിയത്.

&&&&&&&&&&&&&&&&&&&&&&&

## CM- V D SATHEESAN

ഭവനനിർമാണം സംബന്ധിച്ച് പരാതികൾ ഉയരുന്നത് പരിഹരിക്കുന്നതിനായി ലൈഫ് മിഷനിൽ നിന്നു മാറ്റി പട്ടികജാതി, വർഗവിഭാഗത്തിന് പ്രത്യേക ഭവന പദ്ധതി ആരംഭിക്കുമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. പട്ടികവർഗ്ഗ വികസന വകുപ്പ് സംഘടിപ്പിച്ച "തദ്ദേശീയ ജനതയുടെ അന്തർദേശീയ ദിനാചരണ"ത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം കൊച്ചിയിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. സർക്കാറിൻറെ മുൻഗണനയിൽ പട്ടികജാതി, പട്ടികവർഗ വിഭാഗക്കാർ എപ്പോഴുമുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു. പല ഊരുകളിലും ചികിത്സാ സംവിധാനങ്ങൾ ലഭ്യമാകുന്നില്ലെന്ന പരാതി പരിഹരിക്കുന്നതിനായി പ്രത്യേക ട്രൈബൽ ആരോഗ്യകേന്ദ്രങ്ങൾ ആരംഭിക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&&&

## RAMESH CHENNITHALA

കേരളത്തിൽ ഗുണ്ടാപ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. ജനങ്ങളെ വെല്ലുവിളിക്കുന്ന ഗുണ്ടകളെ നിലയ്ക്ക് നിർത്താൻ സർക്കാർ പ്രതിജ്ഞബദ്ധമാണെന്നും ജനങ്ങൾക്ക് സമാധാനജീവിതം ഉറപ്പുവരുത്തുകയാണ് സർക്കാർ ലക്ഷ്യമെന്നും അദ്ദേഹം തൃശ്ശൂരിൽ മാധ്യമങ്ങളോട് പറഞ്ഞു. ഓണക്കാലം മുൻനിർത്തി എല്ലാ പോലീസ് സ്റ്റേഷനുകളിലെയും ലിസ്റ്റുകൾ പ്രകാരം ഗുണ്ടകൾക്കെതിരെ കർശന നിരീക്ഷണം ഏർപ്പെടുത്തുമെന്നും കൊച്ചിയിലെയും തിരുവനന്തപുരത്തെയും ഉൾപ്പെടെ ക്രിമിനൽ കൊട്ടേഷൻ സംഘങ്ങൾക്ക് എതിരെ നടപടിയെടുക്കുമെന്നും ശ്രീ ചെന്നിത്തല വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&&&

## ARJUN AYENKI – ARREST

കണ്ണൂരിൽ അറസ്റ്റിലായ അർജുൻ ആയങ്കിയെ മജിസ്ട്രേറ്റിനു മുൻപിൽ ഹാജരാക്കും. ഇന്ന് പുലർച്ചെയാണ് കണ്ണൂർ നഗരത്തിനടുത്തുള്ള അപ്പാർട്ട്മെന്റിൽ വെച്ച് കണ്ണൂർ സിറ്റി പോലീസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള പ്രത്യേക സ്ക്വാഡ് അർജുനെ പിടികൂടിയത്. ഒളിവിലിരുന്ന് സമൂഹമാധ്യമത്തിലൂടെ അഭ്യന്തരമന്ത്രിക്കും പോലീസിനുമെതിരെ ഇയാൾ വെല്ലുവിളി നടത്തിയിരുന്നു.

&&&&&&&&&&&&&&&&&&&&&&&

## UTTARAKHAND – RAIN

ഉത്തരാഖണ്ഡ്, ചത്തീസ് ഗഡ്, ഒഡീഷ, ഹരിയാന, ഹിമാചൽ പ്രദേശ്, പഞ്ചാബ് ഉൾപ്പെടെയുള്ള ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഒഡീഷയിൽ ബൈതരാനി, സലന്ദി എന്നീ നദികളിലെ ജലനിരപ്പ് ഉയരുമെന്നതിനാൽ സമീപപ്രദേശങ്ങളിലെ ജനങ്ങൾക്ക് ജാഗ്രത നിർദേശം നൽകി. ജമ്മു കശ്മീരിൽ പ്രതികൂല കാലാവസ്ഥ കാരണം പഹൽഗാം, ബാൽതാൽ റൂട്ടുകളിലെ അമർനാഥ് യാത്ര താൽകാലികമായി നിർത്തിവച്ചു.

&&&&&&&&&&&&&&&&&&&&&&&

## RAIN – KERALAM

തെക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനും വടക്കൻ ഒഡിഷക്കും മുകളിലായി ന്യൂനമർദം രൂപപ്പെട്ടതായി കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇതിന്റെ സ്വാധീനഫലമായി കേരളത്തിൽ വിവിധയിടങ്ങളിൽ കനത്ത മഴയ്ക്കും കേരളം-ലക്ഷദ്വീപ് തീരങ്ങളിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്. ഇന്ന് കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കേരളം - കർണാടകം - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&&&&&&&

## A P ANILKUMAR

കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യതയുള്ളതിനാൽ സർക്കാർ നൽകുന്ന മുന്നറിയിപ്പുകളും നിർദ്ദേശങ്ങളും കർശനമായി പാലിക്കണമെന്ന് റവന്യൂ മന്ത്രി എ.പി അനിൽകുമാർ. മഴസാധ്യതയുള്ള പ്രദേശങ്ങളിൽ ജില്ലാതല കൺട്രോൾ റൂമുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ടെന്നും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സ്ഥിതിഗതികൾ വിലയിരുത്തുമെന്നും മന്ത്രി പറഞ്ഞു. മഴക്കെടുതികളെത്തുടർന്ന് സംസ്ഥാനത്തുടനീളം 370 ക്യാമ്പുകളിലായി 39,922 പേരാണുള്ളതെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&&&&

## NEENDAKARA - GOUTHAM KRISHNA

നീണ്ടകരയിൽ വള്ളം മറിഞ്ഞ് കാണാതായ ഗൗതം കൃഷ്ണനെ കണ്ടെത്തുന്നതിനായി കൊച്ചിയിൽ നിന്നുള്ള നാവികസേനാ കപ്പൽ സംഭവസ്ഥലത്തെത്തി തെരച്ചിൽ ആരംഭിച്ചു. കേന്ദ്രമന്ത്രി സുരേഷ് ഗോപിയുടെ നേരിട്ടുള്ള ഇടപെടലിനെ തുടർന്നാണ് നടപടി. ഇതിന് പുറമെ, കോസ്റ്റ് ഗാർഡിന്റെ ഹെലികോപ്റ്ററും ഗൗതം കൃഷ്ണനുവേണ്ടിയുള്ള തിരച്ചിലിനായി എത്തുന്നുണ്ട്.

&&&&&&&&&&&&&&&&&&&&&&&&

## PSC - RAJIV CHANDRASEKHAR

പി എസ് സി വിഷയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്ക് കത്ത് അയച്ച്, ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. സമരം ചെയ്യുന്ന ഉദ്യോഗാർഥികളുമായി, സർക്കാർ അടിയന്തര ചർച്ചയ്ക്കു തയാറാകണമെന്നും ബിജെപി സംസ്ഥാന അധ്യക്ഷൻ ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&&&&&&&

## NIA - KERALAM

മലപ്പുറം ചെമ്മാട്-തലപ്പാറ റോഡിലുള്ള സ്വകാര്യ കമ്പനി വളപ്പിൽ നിർത്തിയിട്ടിരുന്ന ലോറിയിൽ നിന്ന് സ്ഫോടകവസ്തുക്കൾ പിടിച്ചെടുത്തതുമായി ബന്ധപ്പെട്ട് ഒരാളെക്കൂടി നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി അറസ്റ്റ് ചെയ്തു. ഇന്നലെ മഞ്ചേരിയിൽ നിന്നാണ് ഇയാളെ അറസ്റ്റ്

ചെയ്തതത്. വെള്ളിയാഴ്ച കർണാടകയിലെ വിജയപുരയിൽ നിന്ന് മൂന്ന് പേരെ ഈ കേസുമായി ബന്ധപെട്ട് എൻ.ഐ.എ അറസ്റ്റ് ചെയ്തതിരുന്നു.

&&&&&&&&&&&&&&&&&&&&&&&

## PENTAGON - WEAPONS PRODUCTION

ആയുധ ഉൽപ്പാദനവും വിതരണവും വേഗത്തിലാക്കാൻ യുഎസ് പ്രതിരോധ കമ്പനികൾക്ക് നിർദേശം നൽകി പെന്റഗൺ. ഇറാനുമായുള്ള സംഘർഷത്തിനിടെ ആയുധശേഖരം കുറയുന്ന സാഹചര്യത്തിലാണ് ഈ നിർ ദേശം. ഉൽപ്പാദനം വിപുലീകരിക്കുന്നതിനായി പ്രമുഖ പ്രതിരോധ കരാറുകാരുമായും സാങ്കേതികവിദ്യാ കമ്പനികളുമായും പെന്റഗൺ പ്രാഥമിക കരാറുകൾ ഒപ്പിട്ടു.

&&&&&&&&&&&&&&&&&&&&&&&

## TYPHOON DOLPHIN

ചൈനയിലെ ഷാങ്ഹായിൽ രണ്ട് വിമാനത്താവളങ്ങളിൽ നിന്ന് 1,300-ലധികം വിമാന സർവീസുകൾ റദ്ദാക്കി. ഡോൾഫിൻ ചുഴലിക്കാറ്റ് വീശിയടിക്കാനുള്ള സാധ്യത കണക്കിലെടുത്ത് സമീപ പ്രദേശങ്ങളിൽ നിന്ന് മൂന്ന് ലക്ഷത്തിലധികം ജനങ്ങളെ മാറ്റിപ്പാർപ്പിക്കുകയും ചെയ്തു. വടക്കൻ തായ്‌വാനിൽ കഴിഞ്ഞ ദിവസങ്ങളിൽ മണിക്കൂറിൽ ഏകദേശം 162 കിലോമീറ്റർ വേഗതയിൽ ശക്തമായ കാറ്റ് വീശിയടിച്ചു. കനത്ത മഴയ്‌ക്കൊപ്പം വെള്ളപ്പൊക്കത്തിനും മണ്ണിടിച്ചിലിനും സാധ്യതയുണ്ടെന്നും അധികൃതർ മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&